# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 631

02.12.2014-ൽ മറുപടിയ്ക്ക്

## മാവൂർ ഗ്രാസിം വ്യവസായം

| ചോദ്യം | | മറുപടി |
|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) മാവൂർ ഗ്രാസിം ഭൂമിയിൽ ബിർളാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പുതിയ വ്യവസായം ആരംഭിക്കാനുള്ള എന്തെങ്കിലും നടപടി ഉണ്ടായിട്ടുള്ളതായി വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;<br>ബി) മാവൂർ ഗ്രാസിം വ്യവസായം അടച്ചു പൂട്ടിയതിന് ശേഷം ഇത്രയും കാലം ഭൂമി കൈവശം വെച്ച് സംസ്ഥാനത്തിന് നഷ്ടം വരുത്തിയ ഗ്രൂപ്പിന് തന്നെ, വ്യക്തമായ വ്യവസായ പദ്ധതി നിർദ്ദേശങ്ങളൊന്നുമില്ലാതെ, ഭൂമി കൈവശാവകാശം നൽകുന്നത്, സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യത്തിന് വിരുദ്ധമാണെന്നറിയാമോ ? | എ) യും ബി) യും | മാവൂർ ഗ്വാളിയോർ റയോൺസിന് വ്യവസായികാവശ്യത്തിനായി സർക്കാർ ഏറ്റെടുത്ത് നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014-ൽ ആയിരം കോടി രൂപ ചെലവിൽ മാവൂരിൽ ഒരു Hi-Tech Industrial Services Township (HIIST) സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ